സിറാജ്

11 January 2020

രാജ്യാന്തര മറൈൻ സിമ്പോസിയം

# 12 നോട്ടിക്കൽ മൈലിനുള്ളിൽ ട്രോളിംഗ് നിരോധനം വേണം

കൊച്ചി| 12 നോട്ടിക്കൽ മൈലിനുള്ളിൽ ട്രോളിംഗ് നിരോധനം നടപ്പാക്കണമെന്ന് രാജ്യാന്തര മറൈൻ സിമ്പോസിയം ആവശ്യപ്പെട്ടു. ഈ മേഖല ചെറുകിട മത്സ്യബന്ധനത്തിന് മാത്രമായി നിജപ്പെടുത്തണം. ഇവിടെ ട്രോളിംഗ് നടത്തുന്നത് ചെറുകിട മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ ബാധിക്കുമെന്നും സിമ്പോസിയം മുന്നോട്ടുവെച്ച നിർദേശത്തിൽ പറയുന്നു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സമുദ്ര ശാസ്ത്രജ്ഞർ, മത്സ്യ ഗവേഷകർ എന്നിവർ ചേർന്നാണ് നിർദേശങ്ങൾ തയ്യാറാക്കിയത്. കടൽ ജൈവ വൈവിധ്യങ്ങളുടെ സംരക്ഷണം വേണ്ടത്ര കാര്യക്ഷമമാക്കുന്നതിന് 1972ലെ വന്യജീവി സംരക്ഷണ നിയമം പരിഷ്കരിക്കണമെന്നും നിർദേശത്തിലുണ്ട്.

നിയമത്തിലെ ചില പട്ടികകൾ സമുദ്ര ജൈവ വൈവിധ്യ സംരക്ഷണത്തിന് മതിയായതാണോ എന്ന് വിദഗ്ധ സമിതി പരിശോധിക്കണം. കാലാവസ്ഥാ വ്യതിയാനം മൂലം മത്സ്യബന്ധന രീതികളിൽ വന്ന പ്രതിസന്ധി പരിഹരിക്കാൻ ശരിയായ സാങ്കേതികവിദ്യകളുടെ സഹായത്തോടെ മത്സ്യബന്ധനം സുസ്ഥിരമായി വികസിപ്പിക്കണമെന്നും സിമ്പോസിയം ആവശ്യപ്പെട്ടു.

മത്തിയുടെ ലഭ്യതയിലുണ്ടായ ഗണ്യമായ കുറവ് കാരണം ചെറുകിട മത്സ്യത്തൊഴിലാളികൾക്ക് കനത്ത നഷ്ടമുണ്ടായതായി കണ്ടെത്തി. ചെറിയ വള്ളങ്ങളിൽ നിന്നുള്ള ശരാശരി വരുമാനം 12,000 രൂപയായിരുന്നത് 2014 ന് ശേഷം ശരാശരി 2,500 രൂപയായി കുറഞ്ഞുവെന്ന് പഠനത്തിന് നേതൃത്വം നൽകിയ സി എം എഫ് ആർ ഐയിലെ സീനിയർ സയന്റിസ്റ്റ് ഡോ. എൻ അശ്വതി പറഞ്ഞു.

2010 മുതൽ 2018 വരെയുള്ള മത്സ്യ ലഭ്യതയും വരുമാനവുമാണ് പഠനവിധേയമാക്കിയത്. ഇക്കാലയളവിൽ മത്തിയുടെ ലഭ്യത 2.5 ലക്ഷം ടണ്ണിൽ നിന്ന് 77,000 ടണ്ണായാണ് കുറഞ്ഞത്. ശരാശരി 19.82 ശതമാനം വാർഷിക കുറവാണ് ഉണ്ടായത്.

മത്തിക്ക് ക്ഷാമം നേരിട്ടപ്പോൾ ചില്ലറ വ്യാപാരത്തിൽ വില ശരാശരി 47 രൂപയിൽ നിന്ന് 120 രൂപയായി ഉയർന്നു. എന്നിട്ടും മത്തിയുടെ മൂല്യം 1,219 കോടി രൂപയിൽ നിന്ന് 925 കോടിയായി ഇടിഞ്ഞതായും പഠനത്തിൽ വ്യക്തമാക്കുന്നു.